ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പുതുതായി ഗ്ലോബൽ ടെണ്ടർ വിളിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനെസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റാണ് തീരുമാനം എടുക്കേണ്ടത്. കേന്ദ്രഗവൺമെന്റ് അക്കാര്യത്തിൽ ഒരു തീരുമാനം സംസ്ഥാനഗവൺമെന്റിനെ അറിയിച്ചിട്ടില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഇവിടെ ഇപ്പോൾ ചൂണ്ടിക്കാണിച്ചതു പോലെ ജപ്പാൻ സഹായത്തോടുകൂടി തളിപ്പറമ്പ്, അഴീക്കോട്, പയ്യന്നൂർ എന്നീ നിയോജകമണ്ഡലങ്ങളിലായി 18 വില്ലേജുകൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഗവൺമെന്റ് അംഗീകരിച്ചതായിരുന്നു. ആ പദ്ധതിയുടെ ഭൂമി എടുക്കുന്ന നടപടി ഇപ്പോഴും പൂർണ്ണമായിട്ടില്ല. ഞാൻ ഒരു പ്രവാശ്യം ഈ സഭയിൽ ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും ഒരു സംയുക്ത യോഗം വിളിച്ചു ചേർത്ത് ആ നടപടി മുന്നോട്ടു കൊണ്ടുപോകുന്നതിന് ശരിയായ ദിശാബോധം അവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചതണ്. രണ്ടു മൂന്നു ജില്ലകളിൽ അതിന് ആവശ്യമുള്ള സ്ഥലം പൂർണ്ണമായി എടുത്തിട്ടില്ല എന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്ടും കണ്ണൂരും അവിടത്തെ ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി ആ സ്ഥലം പെട്ടെന്ന് എടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭൂമി എടുക്കുന്നതിന് ചില നടപടികൾ സ്വീകരിച്ചു. ഇതുവരെ ഒ.ഇ.സി.എഫ്. പദ്ധതിക്ക് കേരളത്തിൽ 23 കോടിയോളം രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. പക്ഷേ വീണ്ടും അതിൽ പ്രശ്നങ്ങൾ വന്നപ്പോൾ ഗ്ലോബൽ ടെണ്ടർ വീണ്ടും വിളിക്കണമെന്നു പറഞ്ഞപ്പോൾ അതിനുശേഷം ഈ നടപടികൾ തുടരാം എന്നു പറഞ്ഞു. വസ്തു എടുക്കുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ട്. പക്ഷേ ധൃതഗതിയിൽ തുടരുന്നുണ്ടോ എന്നു പരിശോധിച്ചിട്ടില്ല.

ശ്രീ. എ. കെ. ആന്റണി : ജപ്പാൻ സഹായത്തോടെയുള്ള പദ്ധതിയുടെ ഭാഗമായി ചേർത്തല കുടിവെള്ള പദ്ധതിയുടെ സ്ഥലമെടുപ്പ് ഇപ്പോൾ എവിടെ വരെയായി ; അത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കുറച്ചു സ്ഥലം കൂടി എടുക്കാനുണ്ട്. പൂർണ്ണമായി എടുത്തിട്ടുണ്ടെന്നു എനിക്ക് തോന്നുന്നില്ല. എന്തായാലും അങ്ങ് ഇത് ചോദിച്ച സ്ഥിതിക്ക് ഇത് പ്രത്യേകം പരിശോധിച്ച് വിവരം അങ്ങയെ എഴുതി അറിയിക്കുന്നതാണ്.

വൈദ്യുതി അപകട ഇൻഷ്വറൻസ് പദ്ധതി

2 (*32) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വൈദ്യുതി അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ പദ്ധതി നിലവിൽ വന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുത രംഗത്തെ ഏതെല്ലാം മേഖലകളിലെ അപകടങ്ങൾക്കാണ് ഇപ്പോൾ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഇൻഷ്വറൻസ് പദ്ധതി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് വൈദ്യുതി അപകട ഇൻഷ്വറൻസ് പദ്ധതി 1-1-2000 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ലൈനുകളിൽ നിന്നും ഷോക്കേൽക്കുന്ന പൊതുജനങ്ങൾക്കും, കന്നുകാലികൾക്കും കൂടാതെ കോൺട്രാക്ട് ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്കുപരി കോൺട്രാക്ട് ജോലിക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ലൈനുകളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ നിയമപരമായ അനന്തരാവകാശികൾക്ക് 50,000 രൂപയും, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് ആനുപാതികമായ ധനസഹായവും.

2. വൈദ്യുതാഘാതത്താൽ ജീവഹാനി സംഭവിക്കുന്ന കന്നുകാലികളുടെ ഉടമകൾക്ക് 5,000 രൂപ.

3. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾമൂലം മരണം സംഭവിക്കുകയോ, താൽക്കാലികമോ സ്ഥിരമോ ആയ ശാരീരിക അവശതകൾ സംഭവിക്കുകയോ ചെയ്യുന്ന പെറ്റി കോൺട്രാക്ട് തൊഴിലാളികൾക്ക് വർക്ക്മെൻസ് കോംപൻസേഷൻ ആക്ട് 1923 പ്രകാരം അർഹതപ്പെട്ട നഷ്ടപരിഹാരം, ഇൻഷ്വറൻസിനാവശ്യമായ പ്രീമിയം മുഴുവൻ ബോർഡാണ് അടയ്ക്കുന്നത്.

ശ്രീ. കെ. പ്രകാശ് ബാബു : പൊതുജനങ്ങളെ സഹായിക്കുന്ന വളരെ സ്വാഗതാർഹമായ ഒരു പദ്ധതിയാണ് ഈ അപകട ഇൻഷ്വറൻസ് പദ്ധതി. എന്നതിൽ സംശയമില്ല. ഇതിന്റെ കൺസ്യൂമേഴ്സിനു വേണ്ടിയുള്ള പ്രീമിയം ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡ് ഇതേവരെയായി എത്ര രൂപ അടച്ചിട്ടുണ്ട് ; അടച്ചിട്ടുള്ള പ്രീമിയത്തിന്റെ കാലാവധി എങ്ങനെയാണ് എന്ന് ഒന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : മുഴുവൻ പ്രീമിയവും ബോർഡാണ് അടയ്ക്കുന്നത്. 5 വർഷത്തേയ്ക്ക് ആകെ അതിന് വേണ്ടിവരുന്ന പ്രീമിയം 40 ലക്ഷം രൂപയാണ്.

ശ്രീ. കെ. പ്രകാശ് ബാബു : ഈ പദ്ധതി അനുസരിച്ച് ഇതേവരെയായി എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടുണ്ട് ; എത്ര രൂപ ആനുകൂല്യമായി വിതരണം ചെയ്തിട്ടുണ്ട് ; എത്ര രൂപയുടെ ക്ലെയിം ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : 1-1-2000 മുതൽ 74 പേർക്കാണ് നൽകിയിട്ടുള്ളത്. അതിൽ 65 പേർ മനുഷ്യരും 9 എണ്ണം വളർത്തു മൃഗങ്ങളുമാണ്. മരണമടഞ്ഞത് 48 എണ്ണം വരും. സ്ഥിരമായി അംഗവൈകല്യം സംഭവിച്ചിട്ടുള്ളത് 17 ആണ്. അതിൽ 66 കേസ്സുകളിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. നൽകാനുള്ളത് 7 കേസ്സുകളിൽ. അത് രണ്ടു ദിവസത്തിനുള്ളിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യം നൽകാത്തത് ഒരു കേസ്സാണ്; അത് ബോർഡിന്റെ സപ്ലൈയിൽ നിന്നല്ല ഷോക്ക് ഏറ്റിട്ടുള്ളത്.

ശ്രീ. പി. രാജു : വൈദ്യുതി ബോർഡിൽ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് വളരെയേറെ പ്രയോജനകരമായ ഒരു കാര്യമാണ്. അതോടൊപ്പം തന്നെ അപകടത്തിൽപ്പെട്ട് മരണമടയുന്നവർക്ക് ഇലക്ട്രിസിറ്റി ബോർഡ് 50,000 രൂപ കൊടുക്കുന്നു. അത് പ്രായോഗികമായി നല്ല കാര്യമാണ്. അതോടൊപ്പം തന്നെ ഇത് സംഭവിക്കപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പലപ്പോഴും പരിശോധിക്കപ്പെടുന്നില്ല. മെയിന്റനൻസ് കാര്യമായി നടക്കുന്നില്ല. അതുപോലെ തന്നെ വർഷങ്ങളായി സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ലൈനുകളാണ് പലപ്പോഴും അപകടങ്ങൾ ഉണ്ടാകാനിടയാകുന്നത്. അതിനാൽ ഇലക്ട്രിസിറ്റി ബോർഡ് സമയബന്ധിതമായി അപകടം സംഭവിക്കാനിടയുള്ള ലൈനുകൾക്ക് പകരം പുതിയ ലൈനുകൾ ഇടുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; അങ്ങനെ നടപടി സ്വീകരിക്കുന്നതിനായി പ്രത്യേകമായ എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ; അതിനെക്കുറിച്ച് ഇലക്ട്രിസിറ്റി ബോർഡ് ആലോചിക്കുമോ ?

ശ്രീ. എസ്. ശർമ്മ : മെയിന്റനൻസ് കാലാകാലങ്ങളിൽ കണക്കാക്കി ടാർജറ്റ് നിശ്ചയിച്ച് നിർവ്വഹിച്ചുവരുന്നുണ്ട്. മെയിന്റനൻസ് നടക്കാത്തതിന്റെ ഫലമായിട്ടാണ് ഇപ്രകാരം സംഭവിക്കുന്നത് എന്ന് പൂർണ്ണമായി വിലയിരുത്താൻ സാദ്ധ്യമല്ല. എന്നാൽ ചില സ്ഥലങ്ങളിൽ ഇപ്രകാരം കണ്ടേക്കാം. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നം ബോർഡ് തീർച്ചയായും പരിശോധിക്കും.

ശ്രീ. പി. രാജു : അപകടത്തിൽപ്പെട്ട് മരണമടയുന്നവർക്ക് ഇന്ന് നൽകുന്ന സഹായം സമയബന്ധിതമായി നൽകുന്നതിന് മരണമടഞ്ഞ് മൂന്നു മാസത്തിനകം ഈ സാമ്പത്തിക സഹായം ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്നതിനാവശ്യമായ നടപടിക്രമത്തെക്കുറിച്ച് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ ? ഇലക്ട്രിസിറ്റി ബോർഡിനും ഇൻഷ്വറൻസ് കമ്പനിക്കും ഇതിനെ സംബന്ധിച്ച് എന്തെങ്കിലും ധാരണയുണ്ടാക്കാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : തീർച്ചയായും സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാം. മൂന്നുമാസം എന്നുള്ളതിലേക്ക് പോകണമെന്നുള്ള അഭിപ്രായമില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എത്രയും വേഗം കൊടുക്കുക എന്നുള്ളതുവച്ച് അപകടം സംഭവിച്ചാൽ ഒരു മാസത്തിനുള്ളിൽത്തന്നെ ഇതിന്റെ ആനുകൂല്യം ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. അനിരുദ്ധൻ : പഴയ പ്രസരണ സിസ്റ്റം സ്വീകരിക്കുന്നതുകൊണ്ട് 20 ശതമാനത്തിലേറെ പ്രസരണ നഷ്ടം ബോർഡിനുണ്ടാകുന്നുവെന്നുള്ളത് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതോടൊപ്പംതന്നെ പ്രസരണ നഷ്ടം ഉണ്ടാകുന്നതിന് പുറമേ പഴകിയ ലൈനുകളിൽ നിന്നും അപകടങ്ങൾ ഏറിവരുന്നതിനും ഇടയാകുന്നുണ്ട്. ഇതുമൂലം ഇലക്ട്രിസിറ്റി ബോർഡിന് വമ്പിച്ച നഷ്ടമുണ്ടാകുന്നതായി ബോദ്ധ്യമുണ്ടായിട്ടുണ്ടോ ; അത് പരിഹരിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗം അവലംബിക്കുമോ ?

ശ്രീ. എസ്. ശർമ്മ : പ്രസരണ നഷ്ടം ഇപ്പോൾ കേരളത്തിൽ 18 ശതമാനമാണ്. അത് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടിയാണ് പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചുകൊണ്ട് സിസ്റ്റം ഇംപ്രൂവ് ചെയ്യുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ വർഷം ഏകദേശം 1200 കോടി രൂപയാണ് പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി കേരളത്തിൽ ട്രാൻസ്മിഷൻ സെക്ടറിൽ ചെലവഴിച്ചുകൊണ്ട് പ്രവർത്തനം നടത്തിവരുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കേടായ ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ആക്ഷൻ പ്ലാൻ ചർച്ച ചെയ്ത് തീരുമാനിച്ചുവരികയാണ്.

ശ്രീ. എൻ. അനിരുദ്ധൻ : അപകടം ഉണ്ടാകുന്ന ആളുകൾക്ക് നൽകാൻ ബോർഡ് നിശ്ചയിച്ചിരിക്കുന്ന സഹായം വളരെ അപര്യാപ്തമാണെന്ന് ബോർഡിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ? തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് വൈദ്യുതി അപകടംമൂലം മരിക്കാനിയടയാകുന്നവരുടെ ആശ്രിതരെ സംരക്ഷിക്കേണ്ട ചുമതല ധാർമ്മികമായിത്തന്നെ ബോർഡിനുണ്ട്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 50,000 രൂപ എന്നുള്ളത് രണ്ട് ലക്ഷം രൂപയെങ്കിലുമായി നിജപ്പെടുത്തുന്നതിന് ബോർഡ് തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന വൈദ്യുതി സുരക്ഷാ പദ്ധതി 2000 ജനുവരി 1 മുതൽ ആണ് നടപ്പാക്കിവരുന്നത് ; ഏകദേശം ഒരു വർഷമേ ആയിട്ടുള്ളു. അതിനുമുൻപ് ഇപ്രകാരം അപകടം സംഭവിച്ച് മരണപ്പെട്ടാൽ ഇതുപോലൊരു പദ്ധതി ഇല്ലായിരുന്നു എന്നുള്ള പ്രശ്നം വച്ചുകൊണ്ടാണ് ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തി ഇങ്ങനെയൊരു തീരുമാനത്തിലെത്തിയത്. ഇതിന്റെ പ്രീമിയം പൂർണ്ണമായും ബോർഡാണ് നിർവ്വഹിക്കേണ്ടിവരിക. അതുകൊണ്ടുതന്നെ കൂടുതൽ പ്രിമിയം വഹിക്കുക എന്ന നിലയിലേയ്ക്ക് ആദ്യ സ്റ്റേജിൽ കടക്കേണ്ടതില്ല. അതേ സമയം പരീക്ഷണാർത്ഥം ഇപ്രകാരം നടപ്പാക്കി നോക്കിയതിനുശേഷം എന്തു

വേണമെന്നുള്ളതു പിന്നീട് ചർച്ച ചെയ്യാമെന്നാണ് തീരുമാനിക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് കണ്ടിട്ടുള്ളത്. ഒന്നും ലഭിക്കാതിരുന്ന സ്ഥാനത്ത് ഇത്രയും തുക ലഭിക്കുക എന്നുള്ളത് ഒരാശ്വാസമാണെങ്കിലും മരണപ്പെട്ടു പോകുന്ന ഒരു വീട്ടുകാരന്റെ ആശ്രിതർക്ക് കൂടുതൽ തുക കൊടുക്കേണ്ട താണെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ സദുദ്ദേശത്തെ നല്ല നിർദ്ദേശമായി പരിഗണിക്കാമെങ്കിലും പ്രായോഗികമായി എത്രകണ്ട് കഴിയുമെന്നുള്ളത് പരിശോധിച്ചശേഷമേ പറയാൻ കഴിയൂ.

ശ്രീ. യു. എസ്. ശശി : വൈദ്യുതമേഖലയിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്കും അപകടം ഉണ്ടായാൽ ഇൻഷ്വറൻസ് സംരക്ഷണം കൊടുക്കു മെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. കരാർ തൊഴിലാളികൾക്ക് അപകടം ഉണ്ടായാൽ വല്ല സാമ്പത്തിക സഹായവും ബോർഡിൽ നിന്ന് നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ ?

ശ്രീ. എസ്. ശർമ്മ : കരാർ തൊഴിലാളികൾക്കും അപകടം ഉണ്ടായാൽ ഇപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. യു. എസ്. ശശി : ചില പ്രത്യേക ജോലികൾ കഴിവും പരിചയവും ഇല്ലാത്തവർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഇത് തികച്ചും സാങ്കേതികമായിട്ടുള്ള ജോലിയുടെ ഭാഗമാണ്. ജോലി അറിയാത്തവർ ആ ജോലി ചെയ്യുന്നത് അപകടകരം തന്നെയാണ്. പ്രത്യേക പ്രശ്നം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിശോധിക്കുന്നതിനും നിറുത്തൽ ചെയ്യുന്നതിനും നടപടി സ്വീകരിക്കാം.

ശ്രീ. ജോണി നെല്ലൂർ : അപകടംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ചെറുപ്പക്കാരൻ വൈദ്യുത ഷോക്കേറ്റു മരിച്ചതിനെ സംബന്ധിച്ച് സബ്മിഷൻ കൊണ്ടുവന്നപ്പോൾ ഇൻഷ്വറൻസ് കമ്പനികളുമായി ആലോചിച്ച് ഒരു ലക്ഷം രൂപ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. ഇപ്പോൾ വച്ചിരിക്കുന്നത് അൻപതിനായിരം രൂപയാണ്. നിയമസഭയിൽ അങ്ങ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആ വ്യക്തിയുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട മെമ്പർ അന്ന് സഭയിൽ ഉന്നയിച്ചപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുകയുണ്ടായി. തുടർന്ന് ആനുകൂല്യം കൊടുക്കുവാനുള്ള നിർദ്ദേശവും നൽകിയിരുന്നു. അത് ലഭിച്ചില്ല എന്നുള്ളത് ഇപ്പോഴാണ് എന്റെ ശ്രദ്ധയിൽ വന്നത്. ഈ ഇൻഷ്വറൻസ് സ്കീം അനുസരിച്ച് പൊതുവിൽ അൻപതിനായിരം രൂപയാണ് ഷോക്കേറ്റു മരിക്കുന്നവരുടെ ആശ്രിതർക്ക് ലഭ്യമാകുന്നത്. ആ ആനുകൂല്യം ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : വൈദ്യുത അപകട ഇൻഷ്വറൻസ് പദ്ധതിയോ, സമാനരീതിയിലുള്ള ഏതെങ്കിലും സുരക്ഷാ പദ്ധതിയോ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : അങ്ങനെയൊരു അന്വേഷണം നടത്തിയിട്ടില്ല്.

ശ്രീ. എം. മുരളി : കരാർത്തൊഴിലാളികളെക്കൂടി ഇൻഷ്വറൻസ് ആനുകൂല്യത്തിൽപ്പെടുത്തുമെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഇലക്ട്രിസിറ്റി ബോർഡിലെ ലൈൻമാൻമാർ പോസ്റ്റുകളിൽ കയറി അറ്റകുറ്റപ്പണികൾ ചെയ്യാൻ തയ്യാറാകാത്ത സാഹചര്യം ഉള്ളപ്പോഴും, ട്രാൻസ്ഫോർമറുകൾക്ക് തകരാറ് വന്നാൽ അത് നന്നാക്കാൻ ചുമതലപ്പെട്ട ജീവനക്കാർ വരാൻ മടിക്കുമ്പോഴും അവർ ഏതെങ്കിലും പരിചയമുള്ളവരെ ചുമതലപ്പെടുത്തുന്നു. അങ്ങനെയുള്ള പകരക്കാർ പണിയെടുക്കുമ്പോൾ അപകടം ഉണ്ടാകുന്നുണ്ട്. അങ്ങനെ എന്റെ നിയോജകമണ്ഡലത്തിൽ ട്രാൻസ്ഫോർമറുകൾ നന്നാക്കുമ്പോൾ രണ്ട് മരണം ഉണ്ടായിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലെ ബന്ധപ്പെട്ട ആളുകളോട് അവർക്കെന്തെങ്കിലും ആനുകൂല്യം കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അവർ കൈമലർത്തുകയാണ് ഉണ്ടായത്. ഒന്നുകിൽ ഇത്തരം ജോലികൾ ലൈൻമാന്മാർ തന്നെ ചെയ്യണം. അല്ലെങ്കിൽ അവർ വിളിച്ചിട്ട് ജോലിചെയ്യുന്നവർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എസ്. ശർമ്മ : പെറ്റി കോൺട്രാക്ട് തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് അനുസരിച്ച്, ബോർഡും ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നഷ്ടപരിഹാരത്തുക നൽകാനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഈ സ്കീം വരുന്നതിന് മുൻപാണ് അപകടം സംഭവിച്ചതെങ്കിൽ ഇതിന്റെ ആനുകൂല്യം ലഭിക്കുക എളുപ്പമായിരിക്കുകയില്ല. 2000 ജനുവരി ഒന്നിനുശേഷമാണ് ഇത് സംഭവിച്ചതെങ്കിൽ ഇതിന്റെ ആനുകൂല്യം ബാധകമാക്കാൻ നിർദ്ദേശം നൽകാം.

ശ്രീ. പി. സി. ജോർജ് : ഇൻഷ്വറൻസ് പദ്ധതി നന്നായി. ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാർ, ഇൻഷ്വറൻസ് ഉള്ളതുകൊണ്ട് ആയിരിക്കാം, അപകടം ഉണ്ടായി പണം വാങ്ങിക്കട്ടെ എന്ന രീതിയിൽ പ്രവർത്തിക്കുന്നു എന്ന പരാതി എനിക്കുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഇരുമാപ്രയിൽ പോസ്റ്റ് ഒടിഞ്ഞു കമ്പി ഞാന്നു കിടക്കാൻ തുടങ്ങിയിട്ട് രണ്ടു മാസമായി. ഞാൻ തന്നെ നേരിട്ട് ഉദ്യോഗസ്ഥന്മാരെ ഫോൺ വിളിച്ചു. പറയുകയും കത്ത് കൊടുക്കുകയും ചെയ്തിട്ട് ഇന്നുവരെ അത് നന്നാക്കിയിട്ടില്ല. അതുപോലെ പൂഞ്ഞാർ ടൗണിൽ റോഡ് നികത്തിക്കഴിഞ്ഞപ്പോൾ കമ്പി ഞാന്നുകിടക്കുന്നതുകൊണ്ട് ബസ് സർവ്വീസ് മാറ്റിവിട്ടിരിക്കുകയാണ്. ഞാൻ എക്സിക്യൂട്ടീവ് എൻജിനീയർ ഉൾപ്പെടെയുള്ളവരോട് പറഞ്ഞു. അതിന്റെ പൈസ പി. ഡ്ബ്ലിയു.ഡിയിൽ കെട്ടിക്കഴിഞ്ഞു. ജനപ്രതിനിധികൾ ഉൾപ്പെടെ ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടും അറ്റകുറ്റപ്പണി നടത്താതെ അപകടം ഉണ്ടാക്കി ആളുകൾ മരിച്ചാൽ ഇൻഷ്വറൻസ് തുക കൊടുക്കുന്നതോടൊപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്ന് ഒരു തുക നിർബന്ധമായും ഈടാക്കി മരണപ്പെട്ടവരുടെ കക്ഷികൾക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : സാധാരണഗതിയിൽ ഇതുപോലുള്ള പ്രശ്നങ്ങൾ ബോർഡിന്റെ മുൻപിൽ വന്നുകഴിഞ്ഞാൽ നടപടിക്രമം അനുസരിച്ച് ചെയ്യാറുണ്ട്. അത് ചെയ്തില്ലെങ്കിൽ ആളപായം സംഭവിച്ചാൽ നഷ്ടം ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ നിന്നും വാങ്ങിച്ചു കൊടുക്കുകയെന്നുള്ളതല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൃത്യവിലോപം ആരെങ്കിലും കാണിച്ചാൽ അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൃത്യവിലോപം ഉണ്ടാകാതിരിക്കാനാണ് ഗവൺമെന്റ് നോക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ടു പ്രശ്നങ്ങളും പ്രത്യേകം പരിശോധിക്കാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ലൈൻമാന്മാർ പലരും നേരിട്ട് ലൈനിൽ പോയി ജോലി ചെയ്യുന്നില്ല, ആരെയെങ്കിലും വിളിച്ച് ജോലി ചെയ്യിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ വരുന്നവർക്ക് അപകടം സംഭവിച്ചാൽ അവർ ഇതിന്റെ കവറേജിൽ വരുമോ ? അവർ ടെമ്പററി തൊഴിലാളികളോ, കോൺട്രാക്ട് തൊഴിലാളികളോ അല്ല. അവരെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ കഴിയുമോ, അല്ലെങ്കിൽ അവരെ വിളിച്ച് ജോലി ചെയ്യിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഓരോരുത്തർ ചെയ്യേണ്ട ജോലി അവരവർ തന്നെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക. വഴിവിട്ട് ആരെക്കൊണ്ടെങ്കിലും ജോലി ചെയ്യിപ്പിച്ച് അപകടം സംഭവിച്ച് ആനുകൂല്യത്തിന്റെ പിന്നാലെ പോകുന്നതിനേക്കാൾ നല്ലത് വഴിവിട്ട് ജോലി ചെയ്യിപ്പിക്കാതിരിക്കുക എന്നുള്ളതാണ്. അതിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ : ചോദ്യം നമ്പർ 33-ഉം 35-ഉം ഒരുമിച്ചെടുക്കാം.

സഹകരണമേഖലയിൽ ഇൻഷ്വറൻസ് കമ്പനി

3 (*33) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഇൻഷ്വറൻസ് കമ്പനി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) അടുത്തകാലത്ത് ഡൽഹിയിൽ ചേർന്ന സംസ്ഥാന സഹകരണ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമോ ആവശ്യമോ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly